LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കാസർഗോഡ് ഡിവിഷൻ ഓഫീസ്, സ്പെഷ്യൽ സ്ക്വാഡ് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, റെയ്ഞ്ച് ഓഫീസ്, ഐ.ബി. ഓഫീസ് എന്നിവയെല്ലാം വെവ്വേറെ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകളെല്ലാം ഒന്നിച്ചു പ്രവർത്തിക്കുന്നതിന് കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1981-ൽ 46 സെന്റ് ഭൂമി അനുവദിച്ചുനൽകിയിരുന്നു. തുടർന്ന്, ടി കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഷെഡ്യൂൾ ഓഫ് റേറ്റ് 2012 പ്രകാരം 255 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയത് ഭരണാനുമതി ലഭിക്കുന്നതിനായി 21-7-2014-ൽ എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് ഷെഡ്യൂൾ ഓഫ് റേറ്റ് 2013 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കമ്മീഷണറോട് ആവശ്യപ്പെടുകയും ഷെഡ്യൂൾ ഓഫ് റേറ്റ് 2013 പ്രകാരമുള്ള എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറോട് 9-12-2014-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറേറ്റിൽനിന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. അവിടെ റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കണമെന്നത് വളരെ ന്യായമായ ആവശ്യമാണ്. അത് വേഗത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

5. ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. സാജു പോൾ: സർ, കേരളത്തിന്റെ സംസ്ഥാന ഖജനാവിലേയ്ക്ക് ഏറ്റവും കൂടുതൽ തുക നൽകുന്ന എറണാകുളം ജില്ലയിൽ വാണിജ്യ നികുതിയിനത്തിലും വൈദ്യുതചാർജ്ജായും ഏറ്റവും കൂടുതൽ പണം സർക്കാരിലേയ്ക്കടയ്ക്കുന്ന ഒരു പ്രദേശമാണ് പെരുമ്പാവൂർ. പെരുമ്പാവൂർ പട്ടണം രൂക്ഷമായ ഗതാഗതക്കുരുക്കുമൂലം ഇപ്പോൾ വീർപ്പുമുട്ടുകയാണ്. രണ്ട് സംസ്ഥാന പാതകൾ കടന്നുപോകുന്ന പെരുമ്പാവൂരിലൂടെയാണ് ശബരിമല യാത്രക്കാർ, വിമാനത്താവളത്തിലേയ്ക്കും മൂന്നാറിലേയ്ക്കും പോകുന്നവർ, മലയാറ്റൂർ തീർത്ഥാടകർ ഉൾപ്പെടെ നൂറ് കണക്കിന് തടി ലോറികൾ, ഭാരവണ്ടികൾ, എന്നിവയെല്ലാം കടന്നുപോകുന്നത്. ഈ സ്ഥിതി കണക്കിലെടുത്താണ് 29-4-2010-ന് പെരുമ്പാവൂർ ഔട്ടർ ബൈപ്പാസ് റോഡിന് മുൻസർക്കാർ ഭരണാനുമതി നൽകിയത്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയായിരുന്നു നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്നത്. റോഡ് ഫണ്ട് ബോർഡിൽനിന്ന് ആവശ്യമായ തുക വിനിയോഗിക്കാനും തീരുമാനിച്ചിരുന്നു. സ്ഥലമുടമകൾക്ക് ഏറ്റവും സൗകര്യപ്രദമായ അലൈൻമെന്റാണ് നിശ്ചയിച്ചിട്ടുള്ളത്. ലാൻഡ് അക്വിസിഷൻ ഓഫീസറെ നിയമിക്കുകയും 6(i) നോട്ടിഫിക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കുകയും അലൈൻമെന്റ് സ്റ്റോണുകൾ ഇടുകയും ചെയ്തു. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇന്ന് കിട്ടാൻ ബുദ്ധിമുട്ടുള്ള ഇളവ് ഈ പദ്ധതിയുടെ 25 ഏക്കർ സ്ഥലത്തിന് ലഭിച്ചു. ഈ സർക്കാരാണ് ആ ഉത്തരവ് നൽകിയത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. അടൂർ പ്രകാശും റവന്യൂ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നപ്പോൾ രണ്ട് യോഗങ്ങൾവീതം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ ചേരുകയുണ്ടായി. കാലടി പാലത്തിന്റെ പ്രശ്നം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലും ഈ വിഷയം പരിഗണിച്ചു. സ്ഥലം ഏറ്റെടുക്കാനും പദ്ധതി നടപ്പാക്കാനും ഇക്കൊല്ലം തുക അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഉറപ്പ് നൽകിയിരുന്നതുമാണ്. സ്ഥലമുടമകളായ മൂന്നുപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ പരാതികൾ പരിശോധിച്ച് ദിശയിൽ മാറ്റം വരുത്താൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അത് സംബന്ധിച്ച് വിശദമായ ഉത്തരവിറങ്ങുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും നാടിന് ഏറ്റവും ഗുണകരമായ ഈ പദ്ധതി ഫയലിൽ ഉറങ്ങുകയാണ്. ബൈപ്പാസ് പ്രശ്നത്തിൽ വലിയ ജനവികാരമാണ് അവിടെ ഉയർന്നുവന്നിട്ടുള്ളത്. ബഹുമാന്യനായ കുന്നത്തുനാട് എം.എൽ.എ. വി. പി. സജീന്ദ്രന്റെ മണ്ഡലത്തിൽ നിന്നാണ് ഈ റോഡ് ആരംഭിക്കുന്നത്. ബഹുമാന്യനായ യു.ഡി.എഫ്. കൺവീനർ, മുനിസിപ്പൽ ചെയർമാൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങി എല്ലാവരും ഒറ്റക്കെട്ടായി ഈ പദ്ധതി നടപ്പാക്കണമെന്ന അഭിപ്രായക്കാരാണ്. ഇതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും നേരിട്ട് അറിയാവുന്ന പ്രശ്നമാണ്. നടപടിക്രമങ്ങളിലെ കാലതാമസംമൂലം ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞെങ്കിൽ അത് റീവാലിഡേറ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ലാൻഡ് അക്വിസിഷന്റെ അടുത്ത നടപടിയായ 4(i) നോട്ടിഫിക്കേഷൻ ഇറക്കണം. ഇപ്പോഴത്തെ അനിശ്ചിതാവസ്ഥ മാറ്റാൻ ഉന്നതതല യോഗം വിളിച്ചുചേർത്ത് അടിയന്തര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി 3000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചതിൽ പെരുമ്പാവൂർ ബൈപ്പാസ് ഉണ്ടായില്ല. അതുകൊണ്ട് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആവശ്യമായ ഫണ്ട് അനുവദിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പെരുമ്പാവൂരിൽ വന്നുപോകുന്നതാണ്. അദ്ദേഹം ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്ന് വിനയപൂർവം ഞാൻ അപേക്ഷിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സാജുപോൾ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ള പെരുമ്പാവൂർ ബൈപ്പാസിന്റെ അലൈൻമെന്റിനായി സർവ്വേ നടത്തുകയും വാസഗൃഹങ്ങൾ ഒഴിവാക്കിയിട്ടുള്ളതും കാലങ്ങളായി തരിശായി കിടക്കുന്നതുമായ പ്രദേശങ്ങളിലൂടെ ഇതിന്റെ ദിശ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. കുന്നത്തുനാട് താലൂക്കിലെ പെരുമ്പാവൂർ, രായമംഗലം, വെങ്ങോല, മാറമ്പിള്ളി വില്ലേജുകളിൽ നിന്നും 10.02

LIBRARY ARCHIVES Kerala Legislative Assembly

ഹെക്ടർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കേണ്ടതായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 1-8-2012-ലെ ഉത്തരവുപ്രകാരം സർക്കാർ ബൈപ്പാസിന്റെ അലൈൻമെന്റ് അംഗീകരിക്കുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിർത്തി നിർണ്ണയിക്കൽ ആരംഭിക്കുകയും ചെയ്തു. എന്നാൽ പെരുമ്പാവൂർ ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിന്മേലുള്ള 1-10-2012-ലെ വിധി പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി നിർത്തിവച്ചു. തുടർന്ന് 16-3-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അലൈൻമെന്റ് പുതുക്കി നിർണ്ണയിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി പുനരാരംഭിച്ചെങ്കിലും, പുതുക്കിയ അലൈൻമെന്റ് അവരുടെ സ്വത്ത് വകകളെ ബാധിക്കുമെന്ന് പറഞ്ഞ് രണ്ട് വ്യക്തികൾ നിയമ നടപടികൾ ആരംഭിക്കുകയുണ്ടായി. നടപടിക്രമങ്ങൾക്കിടയിലെ കാലതാമസംമൂലം ഭരണാനുമതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചു. ജനപ്രതിനിധികളുടെ ആവശ്യപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ ആകെ തുക ഉൾക്കൊള്ളിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള അലൈൻമെന്റ് സംബന്ധിച്ച് വീണ്ടും തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി കാലാവധി അവസാനിച്ചത് റീവാലിഡേറ്റ് ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ചുള്ള ഉന്നതതല യോഗം ഉടനെ വിളിച്ചുചേർക്കുന്നതാണ്.

6. കളിമാട് പാലത്തിന് ഭരണാനുമതി

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലവും മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലവും തമ്മിൽ ബന്ധിപ്പിക്കുന്ന കളിമാട് പാലം, 2002-ൽ പ്രൊപ്പോസൽ തയ്യാറാക്കി, 2004-ൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകി, 2006-ൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, 2008-ൽ ഡിസൈൻ പൂർത്തിയാക്കി, 2012-ൽ അപ്രോച്ച് റോഡ് ഭൂമി സർക്കാരിലേയ്ക്ക് ലഭിച്ചു. ധാരാളമാളുകളുടെ വീട് പൊളിച്ചു മാറ്റുന്നതുൾപ്പെടെയുള്ള എല്ലാ പ്രവൃത്തിയും കഴിഞ്ഞു. ബഹുമാനപ്പെട്ട കെ. മുഹമ്മദുണ്ണി ഹാജി അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 2.29 കോടി രൂപ ചെലവഴിച്ച് രണ്ടുഭാഗത്തും മനോഹരമായ റോഡ് നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ നാട്ടുകാർ സമരത്തിലാണ്, അവർ കോടതിയെ സമീപിക്കാനൊരുങ്ങുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പാലത്തിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കണമെന്നാണ് എന്റെ ആവശ്യം.